എടവണ്ണ ഗ്രാമ പഞ്ചായത്ത്

# പൗരാവകാശ രേഖ

## 2011-12



# എടവണ്ണ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി


പി.വിമല
(പ്രസിഡന്റ്)


ലീലാമ്മ തോമസ്
(വൈസ് പ്രസിഡന്റ്)


എ. അഹമ്മദ് കുട്ടി
ചെയർമാൻ
(വികസനം)


റസിയ ബഷീർ
ചെയർപേഴ്സൺ
(ക്ഷേമം)


എം. നാരായണൻ
ചെയർമാൻ
(ആരോഗ്യ - വിദ്യാഭ്യാസം)


ഇ. അംബുജം
(മെമ്പർ, W - 2)


പി. അബ്ദുൽലത്തീഫ്
(മെമ്പർ, W - 3)


ശ്രീനിവാസൻ
(മെമ്പർ, W - 4)


വി. സുനിൽ ബാബു
(മെമ്പർ, W - 5)


ടി. അഭിലാഷ്
(മെമ്പർ, W - 8)


ഇ. അബ്ദുസമദ്
(മെമ്പർ, W - 9)


വി.പി. ലുഖ്മാൻ
(മെമ്പർ, W - 10)


ഫാത്തിമ ഖാലിദ്
(മെമ്പർ, W - 11)


റസീന അയ്യൂബ്
(മെമ്പർ, W - 13)


ബേബി ശിവരാമൻ
(മെമ്പർ, W - 14)


ഷെർമ്മിള
(മെമ്പർ, W - 15)


വി. സൈനുദ്ദീൻ
(മെമ്പർ, W - 16)


മൈമൂന ഉസ്മാൻ
(മെമ്പർ, W - 17)


ഇ. കൃഷ്ണൻ
(മെമ്പർ, W - 18)


പി. ബാലകൃഷ്ണൻ
(മെമ്പർ, W - 20)


സി. വഹീദ
(മെമ്പർ, W - 21)


ബേബി ഷഹർഷാദ
(മെമ്പർ, W - 22)


ഷാക്കിർ അലി കെ.
(സെക്രട്ടറി)


എം. അബ്ദുറസാഖ്
(ജൂനിയർ സൂപ്രണ്ട്)

# മുഖവുര

1947ൽ ഇന്ത്യ സ്വാതന്ത്ര്യം നേടിയെങ്കിലും നമ്മുടെ രാഷ്ട്ര പിതാവ് മഹാത്മജി സ്വപ്നം കണ്ട ഗ്രാമ സ്വരാജ് പൂർണ്ണ അർത്ഥത്തിലല്ലെങ്കിൽ പോലും പ്രാവർത്തികമാക്കാനായത് 1993ലെ 73, 74 ഭരണ ഘടനാ ഭേദഗതിക്ക് ശേഷമാണ്. 1994ൽ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രാബല്യത്തിൽ വന്നതോടു കൂടി ത്രിതല പഞ്ചായത്തുകൾ നിലവിൽ വരികയും പഞ്ചായത്തിൽ നടപ്പാക്കേണ്ട പദ്ധതികൾ ഗ്രാമസഭകളിലൂടെ തിരുമാനിക്കുകയും മുൻഗണനാ ക്രമം നിശ്ചയിച്ച് നടപ്പാക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. എന്നാൽ ജനങ്ങളുടെ അവകാശങ്ങൾ പൂർണ്ണമായി സംരക്ഷിക്കപ്പെടുകയും അവരുടെ പരാതികൾ പരിപൂർണ്ണമായി പരിഹരിക്കപ്പെടുകയും ചെയ്യുന്ന ഒരു അവസ്ഥ ഇന്നും അവകാശപ്പെടാനാവില്ല.

ഭരണ സംവിധാനത്തിൽ പൊതു താൽപര്യത്തിനും രാജ്യ താൽപര്യത്തിനും വിരുദ്ധമല്ലാത്ത ഏത് കാര്യങ്ങളെ സംബന്ധിച്ചും അറിയുവാനുള്ള അവകാശം ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയിലെ ജനങ്ങൾക്ക് 2005ലെ വിവരാവകാശ നിയമത്തിലൂടെ വകവെച്ചു കിട്ടിയിരിക്കുന്നു. അതോടൊപ്പം സർക്കാർ സ്ഥാപനങ്ങളിൽ നിന്നും പൗരൻമാർക്ക് ലഭിക്കേണ്ട സേവനങ്ങളും കാലതാമസം കൂടാതെ സുതാര്യമായും മുൻഗണനാ ക്രമത്തിലും ലഭ്യമാക്കേണ്ട ബാധ്യത സ്ഥാപന മേധാവികൾക്ക് ഉണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും പൗരന്മാർക്ക് ലഭിക്കേണ്ട സേവനങ്ങൾ പരാതികൾക്കിടം നൽകാതെ സമയ ബന്ധിതമായും സുതാര്യമായും അഴിമതി രഹിതമായും ലഭ്യമാവുന്നുവെന്ന് ഉറപ്പ് വരുത്താനാണ് കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 272 എ പ്രകാരം പഞ്ചായത്തുകൾ പൗരാവകാശ രേഖ പ്രസിദ്ധികരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്.

വിവിധ ആവശ്യങ്ങൾക്കായി ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിൽ വരുന്നവർക്ക് അവരുടെ അവകാശങ്ങളെകുറിച്ചും അതിനുള്ള നിബന്ധനകളെയും സേവനങ്ങൾ ലഭ്യമാവുന്ന സമയ പരിധിയെയും കുറിച്ചുമെല്ലാം വ്യക്തമായ ധാരണയുണ്ടാവുന്നതിന്ന് എടവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിദ്ധികരിക്കുന്ന ഈ പൗരാവകാശ രേഖ പ്രയോജനപ്പെടുമെന്ന് ഭരണ സമിതിയും ജിവനക്കാരും പ്രത്യാശിക്കുന്നു.

ഈ സാഹചര്യത്തിൽ 1994ലെ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം എടവണ്ണ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരൻമാർക്ക് ഈ രേഖയിൽ പറയുന്ന സേവനങ്ങൾ സമയ ബന്ധിതമായി ലഭ്യമാക്കുമെന്ന് ഞങ്ങൾ പ്രഖ്യാപിക്കുന്നു.

എന്ന്

ഭരണ സമിതിക്കു വേണ്ടി
**പറമ്പാടൻ വിമല**
(പ്രസിഡന്റ് ഗ്രാമ പഞ്ചായത്ത്)



## എടവണ്ണ പഞ്ചായത്ത് പൊതുവിവരങ്ങൾ

| | | |
|---|---|---|
| രൂപീകരണം | : | 01.01. 1962 |
| ഗ്രേഡ് | : | സ്പെഷ്യൽ ഗ്രേഡ് |
| വാർഡുകൾ | : | 22 |
| വിസ്തീർണ്ണം | : | 51.2 ച.കി.മീ |
| പാർലമെന്റ് നിയോജക മണ്ഡലം | : | വയനാട് |
| പാർലമെന്റ് അംഗം (MP) | : | ശ്രീ. എം.ഐ. ഷാനവാസ് |
| അസംബ്ലി മണ്ഡലം | : | ഏറനാട് |
| അസംബ്ലി അംഗം (MLA) | : | ശ്രീ. പി.കെ. ബഷീർ |
| ജില്ല | : | മലപ്പുറം |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | എടവണ്ണ |
| ജില്ലാ പഞ്ചായത്ത് അംഗം | : | ശ്രീമതി ഉമ്മാച്ചകുട്ടി |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | എടവണ്ണ, പന്നിപ്പാറ, ഒതായി ഭാഗം |
| ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ | : | എടവണ്ണ - മാകുന്നൻ സുന്ദരി, ഒതായി - സാഹിദാബി, പന്നിപ്പാറ - പി.സി. സിബില |
| താലൂക്ക് | : | ഏറനാട് |
| വില്ലേജുകൾ | : | എടവണ്ണ, പെരകമണ്ണ |
| ജനസംഖ്യ | : | 39818 (2001) |
| പുരുഷന്മാർ | : | 19640 |
| സ്ത്രീകൾ | : | 20178 |
| പട്ടികജാതി | : | 4669 |
| പുരുഷന്മാർ | : | 2291 |
| സ്ത്രീകൾ | : | 2378 |

### പഞ്ചായത്തിന്റെ അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | ഊർങ്ങാട്ടിരി, മമ്പാട് പഞ്ചായത്തുകൾ |
| തെക്ക് | : | തൃക്കലങ്ങോട്, തിരുവാലി പഞ്ചായത്തുകൾ |
| കിഴക്ക് | : | മമ്പാട്, തിരുവാലി, പഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : | കാവനൂർ, ഊർങ്ങാട്ടിരി പഞ്ചായത്തുകൾ |

## വാർഡ് മെമ്പർമാരുടെ പേരും ഫോൺ നമ്പരും

| S.I No | Ward No | വാർഡിന്റെ പേര് | പേര് - സ്ഥാനം | ഫോൺ നമ്പർ |
|---|---|---|---|---|
| 1 | 6 | കുണ്ടുതോട് | പറമ്പാടൻ വിമല (പ്രസിഡന്റ്) | 9946488528 |
| 2 | 19 | പന്നിപ്പാറ ഈസ്റ്റ് | ലീലാമ്മ തോമസ് (വൈസ് പ്രസിഡന്റ്) | 9048468548 |
| 3 | 1 | വെസ്റ്റ് ചാത്തല്ലൂർ | എ. അഹമ്മദ് കുട്ടി (ചെയർമാൻ, വികസനം) | 9995516617 |
| 4 | 12 | പത്തപ്പിരിയം | റസിയ ബഷീർ (ചെയർപേഴ്സൺ, ക്ഷേമം) | 9495985394 |
| 5 | 7 | ചളിപ്പാടം | എം. നാരായണൻ (ചെയർമാൻ, ആരോഗ്യ - വിദ്യാഭ്യാസം) | 9946092545 |
| 6 | 2 | ഈസ്റ്റ് ചാത്തല്ലൂർ | എടപ്പരുത്തി അംബുജം മെമ്പർ | 9447635202 |
| 7 | 3 | പുള്ളിയിൽപാറ | പി. അബ്ദുൽ ലത്തീഫ് മെമ്പർ | 9495138861 |
| 8 | 4 | കൊളപ്പാട് | കെ. യു. ശ്രീനിവാസൻ മെമ്പർ | 9645471025 |
| 9 | 5 | മുണ്ടേങ്ങര | വി. സുനിൽ ബാബു മെമ്പർ | 9447631783 |
| 10 | 8 | ചെമ്പക്കുത്ത് | തരിയോറ അഭിലാഷ് മെമ്പർ | 9995315700 |
| 11 | 9 | എടവണ്ണ ഈസ്റ്റ് | ഇ. അബ്ദുസ്സമദ് മെമ്പർ | 9995131336 |
| 12 | 10 | എടവണ്ണ വെസ്റ്റ് | വി.പി. ലുഖ്മാൻ മെമ്പർ | 9447185643 |
| 13 | 11 | കുന്നുമ്മൽ | ഫാത്തിമ ഖാലിദ് മെമ്പർ | 9746390234 |
| 14 | 13 | ഐന്തൂർ | റസീന അയ്യൂബ് മെമ്പർ | 9746269050 |
| 15 | 14 | പാണ്ട്യാട് | ബേബി ശിവരാമൻ മെമ്പർ | 04832216625 |
| 16 | 15 | ഏഴുകളരി | ഷെർമ്മിള മെമ്പർ | 8606563260 |
| 17 | 16 | കൽപ്പാലം | വി. സൈനുദ്ദീൻ മെമ്പർ | 9746594602 |
| 18 | 17 | തുവ്വക്കാട് | മൈമൂന ഉസ്മാൻ മെമ്പർ | 9447185246 |
| 19 | 18 | പന്നിപ്പാറ | എടത്തിൽ കൃഷ്ണൻ മെമ്പർ | 9645038967 |
| 20 | 20 | പാലപ്പെറ്റ | പി. ബാലകൃഷ്ണൻ മെമ്പർ | 9947856370 |
| 21 | 21 | കല്ലിടുമ്പ് | സി. വഹീദ മെമ്പർ | 9037873986 |
| 22 | 22 | ഒതായി | ബേബി ഷഹർഷാദ മെമ്പർ | 9895533872 |

# എടവണ്ണ ഗ്രാമ പഞ്ചായത്ത് – പൗരാവകാശ രേഖ

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം | സേവനം ലഭിക്കുന്ന ഓഫീസ്/ഉദ്യോഗസ്ഥൻ | അപേക്ഷിക്കുന്ന വിധം | മറ്റ് നിബന്ധനകൾ | അടയ്ക്കേണ്ട ഫീസ് | ലഭ്യമാകുന്ന ദിവസം |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | ജനന രജിസ്ട്രേഷൻ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് (ജനന രജിസ്ട്രാർ) | പഞ്ചായത്ത് ഓഫീസിൽ നിന്നും സൗജന്യമായി ലഭിക്കുന്ന നിർദ്ദിഷ്ട ജനന രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ച് നൽകണം. | 1) പഞ്ചായത്ത് അതിർത്തിക്കുള്ളിൽ വെച്ച് നടക്കുന്ന ജനനങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യൂ. 2) വീട്ടിൽ വെച്ചുള്ള ജനനം കുട്ടിയുടെ അച്ഛനോ അമ്മയോ 21 ദിവസത്തിനകം റിപ്പോർട്ട് ചെയ്യേണ്ടതാണ്. 3) ആശുപത്രിയിൽ വെച്ച് നടക്കുന്ന ജനനങ്ങൾ കുട്ടിയുടെ രക്ഷിതാക്കളിൽ നിന്നും ഫോറം പൂരിപ്പിച്ചു വാങ്ങി ബന്ധപ്പെട്ട ഡോക്ടർ റിപ്പോർട്ട് നൽകേണ്ടതാണ്. | 21 ദിവസം വരെ ഫീസില്ല, 30 ദിവസം വരെ 2 രൂപ | റിപ്പോർട്ട് ചെയ്തതിനു ശേഷം 7 ദിവസം |
| 2 | മരണ രജിസ്ട്രേഷൻ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | അപേക്ഷ പഞ്ചായത്തിൽ നിന്നും സൗജന്യമായി ലഭിക്കുന്ന നിർദ്ദിഷ്ട ഫോറത്തിൽ ജനനം നടന്ന വീട്ടിലെ മുതിർന്ന അംഗം 21 ദിവസത്തിനകം പൂരിപ്പിച്ച് നൽകണം. | 1) പഞ്ചായത്ത് അതിർത്തിക്കുള്ളിൽ വെച്ച് നടക്കുന്ന മരണങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യൂ. 2) വീട്ടിൽ വെച്ചുള്ള മരണം കുടുംബത്തിലെ മുതിർന്ന അംഗവും ആശുപത്രികളിൽ വെച്ചുള്ള മരണം ബന്ധപ്പെട്ട ഡോക്ടറും 21 ദിവസത്തിനകം റിപ്പോർട്ട് ചെയ്യേണ്ടതാണ്. 3. ആത്മഹത്യ, അപകട മരണം (അസ്വാഭാവിക മരണങ്ങൾ) എന്നിവ ബന്ധപ്പെട്ട ഡോക്ടറുടെ റിപ്പോർട്ട് സഹിതം ബന്ധപ്പെട്ട സബ് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്യേണ്ടതാണ്. | 21 ദിവസം വരെ ഫീസില്ല, 30 ദിവസം വരെ 2 രൂപ | റിപ്പോർട്ട് ചെയ്തതിനു ശേഷം 7 ദിവസം |

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 3 | ജനന - മരണം വൈകി രജിസ്റ്റർ ചെയ്യൽ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 1. 22-ാം ദിവസം മുതൽ 30-ാം ദിവസം വരെ ബന്ധപ്പെട്ട ഫോറം പൂരിപ്പിച്ചു നൽകിയാൽ സെക്രട്ടറി രജിസ്റ്റർ ചെയ്യും.<br>2. ഒരു മാസം മുതൽ ഒരു വർഷം വരെ ജില്ലാ മരണ രജിസ്ട്രാറുടെ അനുമതിയോടു കൂടി സെക്രട്ടറി രജിസ്റ്റർ ചെയ്യും<br>3. ഒരു വർഷം മുതൽ മേൽപ്പോട്ട് ബന്ധപ്പെട്ട സബ്ഡിവിഷനൽ മജിസ്ട്രേറ്റിന്റെ അനുമതിയോടെ സെക്രട്ടറി രജിസ്റ്റർ ചെയ്യും<br>**ആവശ്യമായ രേഖകൾ**<br>1. ജനന - മരണ റിപ്പോർട്ട് 2 കോപ്പി<br>2. സത്യവാങ്മൂലം ഗസറ്റഡ് ഓഫീസറുടെ സർട്ടിഫിക്കറ്റ് (100രൂപമുദ്ര പത്രത്തിൽ ഒരു വർഷം കഴിഞ്ഞ സംഗതിയിൽ)<br>3. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ | 1) പഞ്ചായത്ത് അതിർത്തിക്കു ള്ളിൽ വെച്ച് നടന്നതും യഥാ സമയം രജിസ്റ്റർചെയ്യാത്തതുമായ ജനന മരണങ്ങൾ മാത്രമേ രജിസ്റ്റർ ചെയ്യൂ. | ഇനം 1ന് 2 രൂപ<br>ഇനം 2ന് 5 രൂപ | അനുമതി ലഭിക്കുന്ന മുറക്ക് |
| 4 | ജനന മരണ സർട്ടിഫിക്കറ്റുകൾ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ<br>2. 10 രൂപ മുദ്ര പത്രം അപേക്ഷകന്റെ പേരിലുള്ളത് | 1. ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ വെച്ച് നടന്നതും ഈ ഓഫീസിൽ രജിസ്റ്റർ ചെയ്യപ്പെട്ടതുമായ ജനന - മരണങ്ങളുടെ സർട്ടിഫിക്കറ്റുകൾ മാത്രമേ ലഭിക്കൂ.<br>2. ജനന രജിസ്റ്ററിൽ കുട്ടിയുടെ പേര് ചേർത്ത് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കുട്ടിയുടെ അച്ഛനും അമ്മയും സംയുക്തമായി അപേക്ഷിച്ചിരിക്കണം<br>3. സ്കൂൾ രേഖയിലെ പേര്, ജനന തിയ്യതി, മാതാ പിതാക്കളുടെ പേര് എന്നിവ കാണിക്കുന്ന സ്കൂൾ മേലാധികാരിയിൽ നിന്നുള്ള സാക്ഷ്യപത്രം | തെരച്ചിൽ ഫീ ഒരു വർഷത്തേക്ക് 2 രൂപ,<br>പകർപ്പ് ഫീ 5 രൂപ,<br>പേര് ചേർക്കൽ 5 രൂപ | 7 (പ്രവർത്തി) ദിവസങ്ങൾക്കു ശേഷം |

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 5 | ജനനക്രമ സർട്ടിഫിക്കറ്റ് (തിരിച്ചറിയൽ സർട്ടിഫിക്കറ്റ്) | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ വാർഡ് മെമ്പറുടെ റിപ്പോർട്ട് സഹിതം<br>2. സ്കൂളിൽ ചേർത്ത കുട്ടിയാണെങ്കിൽ സ്കൂൾ സർട്ടിഫിക്കറ്റ്<br>3. റേഷൻകാർഡ് ഹാജരാക്കണം | അപേക്ഷയിൽ മാതാവിന്റെയും പിതാവിന്റെയും പേരും വീട്ട് പേരും വീട്ട് നമ്പരും കൂടാതെ തങ്ങളുടെ മുഴുവൻ സന്താനങ്ങളുടെയും പേര്, ജനന തിയ്യതി, ജനന സ്ഥലം, കുട്ടികൾക്കുള്ള ഏതെങ്കിലും ഒരു തിരിച്ചറിയൽ അടയാളം ഇവ കാണിച്ചിരിക്കണം | ഫീസില്ല | 7 പ്രവർത്തി ദിവസങ്ങൾക്കു ശേഷം |
| 6 | ജനന - മരണം രജിസ്റ്റർ ചെയ്തിട്ടില്ലെന്ന സർട്ടിഫിക്കറ്റ് | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 1. 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ വാർഡ് മെമ്പറുടെ റിപ്പോർട്ട് സഹിതം | 1. ഈ പഞ്ചായത്ത് അതിർത്തിയിലെ ജനന മരണത്തെ പറ്റി മാത്രം<br>2. ജനനം/മരണം നടന്ന സമയത്തെ താമസ സ്ഥലം തെളിയിക്കുന്ന രേഖ, ജനന/മരണം നടന്ന സ്ഥലം തെളിയിക്കുന്ന രേഖ ഹാജരാക്കണം | തെരച്ചിൽ ഫീ ഒരു വർഷത്തേക്ക് 2 രൂപ ക്രമത്തിൽ | 7 പ്രവർത്തി ദിവസങ്ങൾക്കു ശേഷം |
| 7 | പൊതു വിവാഹ രജിസ്ട്രേഷൻ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 1. മെമ്മോറാണ്ടം 2<br>2. വധൂവരൻമാരുടെ 4 സെറ്റ് ഫോട്ടോ<br>3. 2 സാക്ഷികളുടെയും തിരിച്ചറിയൽ കാർഡിന്റെയും ശരിപ്പകർപ്പ്<br>4. വധൂ വരൻമാരുടെ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ ശരിപ്പകർപ്പ്<br>5. മതപരമായ വിവാഹം ആണെങ്കിൽ നടത്തപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം | 1. ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ നടന്ന വിവാഹങ്ങൾ മാത്രം<br>2. വിവാഹ തിയ്യതി മുതൽ 45 ദിവസത്തിനകം രജിസ്റ്റർ ചെയ്തിരിക്കണം<br>3. വധൂവരൻമാരുടെ സർട്ടിഫിക്കറ്റ്, സ്കൂൾ സർട്ടിഫിക്കറ്റ്, വിവാഹം നടന്ന ക്ഷേത്രം, പള്ളി ഭാരവാഹികളുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണം<br>4. വരന്റെയോ, വധുവിന്റെയോ വിവാഹം ആദ്യത്തേതല്ലെങ്കിൽ മുൻ വിവാഹം വേർപെടുത്തിയ രേഖകൂടി ഹാജരാക്കണം | 45 ദിവസം കഴിഞ്ഞ് ഒരു വർഷം വരെ ഗസറ്റഡ്/പഞ്ചായത്ത് മെമ്പറുടെ ഡിക്ലറേഷൻ അധികമായി സമർപ്പിക്കേണ്ടതാണ് രജിസ്ട്രേഷൻ ഫീ 100 രൂപ. സർട്ടിഫിക്കറ്റ് ഫീ 20 പിഴ 100 ഒരു വർഷം കഴിഞ്ഞ് 250 രൂപ പിഴയോടു കൂടി രജിസ്ട്രാർ ജനറലിന്റെ അനുമതിയോടു കൂടി | അനുമതി ലഭിച്ചാൽ 7 പ്രവർത്തി ദിവസങ്ങൾക്കു ശേഷം |

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 8 | വിവാഹ സർട്ടഫിക്കറ്റ് | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച വെള്ള പേപ്പറിലുള്ള അപേക്ഷ | ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത വിവാഹങ്ങളുടെ മാത്രം | ഫീസില്ല | 7 ദിവസം |
| 9 | ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ | 1. നികുതി രശീതിയുടെ പകർപ്പ്<br>2. സർട്ടിഫിക്കറ്റിന്റെ ആവശ്യം അപേക്ഷയിൽ വ്യക്തമാവണം | ഫീസില്ല | 1 പ്രവർത്തി ദിവസം |
| 10 | കെട്ടിട നമ്പറിനോടൊപ്പം അനുഭവക്കാരന്റെ / താമസക്കാരന്റെ പേര് ചേർക്കൽ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 1) 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ<br>2) കെട്ടിടം സ്വന്തം അല്ലെങ്കിൽ ഉടമസ്ഥന്റെ സമ്മത പത്രം, താമസം, വാടക, എഗ്രിമെന്റിന്റെ കോപ്പി എന്നിവ ഹാജരാക്കണം. | കെട്ടിട നമ്പർ, വാർഡ് നമ്പർ എന്നിവ കാണിച്ചിരിക്കണം | ഫീസില്ല | 15 പ്രവർത്തി ദിവസങ്ങൾക്ക് ശേഷം |
| 11 | താമസ സർട്ടിഫിക്കറ്റ് (റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്) | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ | 1. കെട്ടിട നമ്പർ, വാർഡ് നമ്പർ, സർട്ടിഫിക്കറ്റിന്റെ ആവശ്യം ഇവ കാണിച്ചിരിക്കണം<br>2. കെട്ടിട നമ്പറിൽ അനുഭവക്കാരന്റെ പേര് ഉണ്ടായിരിക്കണം<br>3. വിശദമായ അന്വേഷണംആവശ്യമാണെന്ന് കണ്ടാൽ ആയതിനു ശേഷമേ സർട്ടിഫിക്കറ്റ് ലഭിക്കൂ | ഫീസില്ല | 7 പ്രവർത്തി ദിവസം |
| 12 | കെട്ടിട ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യൽ (പേരു മാറ്റൽ) | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 1) 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ<br>2) ഉടമസ്ഥാവകാശം കൈമാറിയതു സംബന്ധിച്ച രേഖകളുടെ പകർപ്പ്<br>3) കൈവശാവകാശ സർട്ടിഫിക്കറ്റ് | 1. കെട്ടിട നമ്പർ വാർഡ് നമ്പർ ഇവ കാണിച്ചിരിക്കണം<br>2. കൈമാറിയ ആളിന്റെയും, കൈമാറി കിട്ടിയ ആളിന്റെയും സംയുക്ത അപേക്ഷ<br>3. പട്ടയമില്ലാത്ത സ്ഥലങ്ങൾ/കെട്ടിടങ്ങൾ കൈമാറുമ്പോൾ ഒരു നോട്ടറിയിൽ കുറയാത്ത വ്യക്തിയുടെ സാന്നിദ്ധ്യത്തിൽ ഉണ്ടാക്കിയ ഉടമ്പടി ഉണ്ടായിരിക്കണം | ഫീസില്ല | 30 പ്രവർത്തി ദിവസം |

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 13 | കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2011 പ്രകാരം | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 300 ച.മീ. വരെയുള്ള വാസഗൃഹവും 150 ച.മീ വരെയുള്ള മറ്റു കെട്ടിടത്തിനും അപ്പന്റിക്സ് എ 2 ഫോറത്തിൽ 10 ദിവസത്തിനു മുമ്പ് അപേക്ഷകൻ പഞ്ചായത്തിനെ അറിയിക്കേണ്ടതാണ്. (നിർമ്മാണ, പുനർനിർമ്മാണം എന്നിവക്കും ഇത് ബാധകമാണ്) | അപ്പന്റിക്സ് എ 2 ഫോറത്തിൽ പൂർണ്ണവും വ്യക്തവുമായി പൂരിപ്പിച്ച് സമർപ്പിക്കുക | ഫീസില്ല | 10 പ്രവർത്തി ദിവസങ്ങൾക്കു ശേഷം |
| 14 | കേരള പഞ്ചായത്ത് രാജ് (കെട്ടിട നിർമ്മാണ ചട്ടങ്ങൾ) 2011 പ്രകാരം | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 300 ച.മീ. വരെയുള്ള വാസഗൃഹവും 150 ച.മീ മുകളിലുള്ള മറ്റു കെട്ടിടങ്ങൾക്ക് 5രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ച നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ | 1. ഉടമസ്ഥതാവകാശംതെളിയിക്കുന്നതിനുള്ള രേഖകൾ<br>2. നിയമാനുസൃതം വരച്ച പ്ലാനുകൾ<br>3. സൂപ്പർവിഷൻ സർട്ടിഫിക്കറ്റ്<br>4. ലൈസൻസ് ബിൽഡിംഗ് സൂപ്പർവൈസറുടെ (LBS) രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സ്വയം സാക്ഷ്യപ്പെടുത്തിയത്. (300m² വരെയുള്ള വീടിനും, 150m² വരെ യുള്ള മറ്റു കെട്ടിടങ്ങൾക്കും LBSന്റെ സാക്ഷ്യപത്രം ആവശ്യമില്ല | അപേക്ഷ ഫീസ് 20 രൂപ പെർമിറ്റ് ഫീസ് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ | മറ്റ് അധികാരികളുടെ ക്ലിയറൻസ് ആവശ്യമില്ലാത്ത പക്ഷം 30 ദിവസം അല്ലാത്തതിന് ബന്ധപ്പെട്ട അധികാരികളുടെ ക്ലിയറൻസ് ലഭിച്ച് 30 ദിവസത്തിനകം |
| | കിണർ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 1) 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയുടെ പകർപ്പ് | 1) ഉടമസ്ഥതാവകാശം തെളിയിക്കുന്ന രേഖ അംഗീകൃത എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ പ്ലാൻ, സൈറ്റ് പ്ലാൻ | 1) അപേക്ഷ ഫീ 5 രൂപ<br>2) പെർമിറ്റ് ഫീ ചട്ടപ്രകാരം | 15 ദിവസം |
| | ചുറ്റുമതിൽ നിർമ്മാണ പെർമിറ്റ് | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 1) 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച വെള്ള പേപ്പറിലുള്ള അപേക്ഷ | 1) ഉടമസ്ഥതാവകാശം തെളിയിക്കുന്ന രേഖ<br>2 അംഗീകൃത എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ പ്ലാൻ, സൈറ്റ് പ്ലാൻ | 1) അപേക്ഷ ഫീ 5 രൂപ<br>2) പെർമിറ്റ് ഫീ ചട്ടപ്രകാരം | 15 ദിവസം |

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 15 | പെർമിറ്റ് പുതുക്കാൻ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 1) 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ | 1 അപേക്ഷയിൽ നിർമ്മാണത്തിന്റെ സ്ഥിതി പറഞ്ഞിരിക്കണം<br>2 അസ്സൽ ബിൽഡിംഗ് പെർമിറ്റും പ്ലാനുകളും ഹാജരാക്കണം | യഥാസമയം സമർപ്പിച്ച അപേക്ഷക്ക് പെർമിറ്റ് ഫീസിന്റെ 10% കാലാവധി കഴിഞ്ഞ് 1 വർഷത്തിനുള്ള പെർമിറ്റ് ഫീസിന്റെ 50% | 15 ദിവസം |
| 16 | പെർമിറ്റ് കൈമാറ്റം ചെയ്യൽ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 1) 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച വെള്ള പേപ്പറിലുള്ള അപേക്ഷ | 1. അസ്സൽ ബിൽഡിംഗ്പെർമിറ്റ്<br>2. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കാനുള്ളരേഖ | 25 രൂപ | 30 ദിവസം |
| 17 | കെട്ടിടത്തിന് നമ്പർ പതിക്കൽ (കുടിൽ) | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 1) 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച വെള്ള പേപ്പറിലുള്ള അപേക്ഷ | | | 5 ദിവസം |
| | മറ്റു കെട്ടിടങ്ങൾ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 1) 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച വെള്ള പേപ്പറിലുള്ള അപേക്ഷ | അപ്പെന്റിക്സ് ഇ യിലുള്ള സർട്ടിഫിക്കറ്റ് 2 നിലയുള്ള 150 ചാൺ മീറ്റർ വരെ ഫ്ളോർ ഏരിയയുള്ളതുമായ ഒരു യൂണിറ്റ് വാസഗൃഹം ഒഴികെയുള്ളതിന് ഫോറം എഫ് ലെ സർട്ടിഫിക്കറ്റ് കംപ്ലീഷൻ പ്ലാൻ | | 15 ദിവസം |
| 18 | അനധികൃത നിർമ്മാണം ക്രമീകരിക്കൽ | ബിൽഡിംഗ് പെർമിറ്റിന് അപേക്ഷിക്കുന്നത് പോലെ | 1) 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ | 1. ബിൽഡിംഗ് പെർമിറ്റിന് ബാധകമായ അതേ നിബന്ധനകൾ<br>2 കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് 2011 അനുസൃതമായ നിർമ്മാണമായിരിക്കണം | ബിൽഡിംഗ് പെർമിറ്റ് അപേക്ഷ ഫീസ് പോലെ കോമ്പൗണ്ടിംഗ് ഫീസ് പെർമിറ്റ് ഫീസിന്റെ 2 മടങ്ങ് | 30 ദിവസം |
| 19 | കെട്ടിട നികുതി അപ്പീൽ നികുതികളിൽ നിന്ന് ഒഴിവാക്കൽ | സ്റ്റാന്റിംഗ് കമ്മറ്റി ഗ്രാമ പഞ്ചായത്ത് | 1) 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച വെള്ള പേപ്പറിലുള്ള അപേക്ഷ | നികുതി ചുമത്തി 30 ദിവസവും/ നാളിതുവരെയുള്ള നികുതി അടച്ചതിനു ശേഷമേ അപേക്ഷിക്കാവൂ | ഫീസില്ല | സ്റ്റാന്റിംഗ് കമ്മറ്റിക്ക് ശേഷം |

***കുറിപ്പ് :*** - പഴയ കെട്ടിടം ആവശ്യമില്ലെന്നതിനാലോ പുനർ നിർമ്മാണത്തിനോ പൊളിച്ച് കളയുമ്പോൾ നികുതി ഒഴിവാക്കുന്നതിനായി സെക്രട്ടറിയെ രേഖാ മൂലം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം കെട്ടിട ഉടമ നികുതിയടക്കുന്നതിന് ബാധ്യസ്ഥനായിരിക്കും

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 20 | വാസയോഗ്യമായ വീടില്ല എന്ന സർട്ടിഫിക്കറ്റ് | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ വാർഡ് മെമ്പറുടെ റിപ്പോർട്ട് സഹിതം. | 1. താമസിക്കുന്ന വാർഡും വീട്ടുനമ്പറും കാണിച്ചിരിക്കണം<br>2. അപേക്ഷകന്റെയോ കുടുംബത്തിന്റെയോ പേരിൽ വാസയോഗ്യമായ വീടുണ്ടായിരിക്കരുത്.<br>3. റേഷൻ കാർഡ് ഹാജരാക്കണം | ഫീസില്ല | 7 ദിവസത്തിനു ശേഷം |
| 21 | വിവിധ സഹായങ്ങൾ ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ് | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ | 1. വാർഡും വീട്ടുനമ്പറും കാണിച്ചിരിക്കണം<br>2. റേഷൻ കാർഡ് ഹാജരാക്കണം | ഫീസില്ല | 7 ദിവസത്തിനു ശേഷം |
| 22 | വ്യാപാര സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് (ഡി & ഒ ട്രേഡ് ലൈസൻസ്, പി.എഫ്.എ. ) | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ | 1. കെട്ടിടം സ്വന്തം അല്ലെങ്കിൽ കെട്ടിടം ഉടമയുടെ സമ്മത പത്രം 100 രൂപയിൽ കുറയാത്ത മുദ്രപത്രത്തിൽ അപേക്ഷയോടൊപ്പം ഹാജരാക്കണം.<br>2. കച്ചവട സ്ഥാപനം പുതിയതായി ആരംഭിക്കുന്നുവെങ്കിൽ 30 ദിവസം മുമ്പും ലൈസൻസ് പുതുക്കുന്നുവെങ്കിൽ ഓരോ വർഷവും ഏപ്രിൽ 30നു മുമ്പും അപേക്ഷ പുതുക്കണം.<br>3. മറ്റ് വകുപ്പുകളിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ ആവശ്യമെങ്കിൽ ഹാജരാക്കണം.<br>4. സ്ഥാപനത്തിന്റെ ബോർഡിൽ സ്ഥലപ്പേര് മലയാളത്തിലും ഇംഗ്ലീഷിലും രേഖപ്പെടുത്തിയിരിക്കണം | ചട്ടങ്ങൾ പ്രകാരമുള്ള ഫീസ് | പുതിയതായി ആരംഭിക്കുന്നവക്ക് 30 ദിവസത്തിനു ശേഷവും പുതുക്കുന്നതിന് 3 പ്രവർത്തി ദിവസങ്ങൾക്കു ശേഷവും |
| 23 | വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് | ഗ്രാമ പഞ്ചായത്ത് | 1. നിർദ്ദിഷ്ട അപേക്ഷ .<br>2. സ്ഥലത്തിന്റെ ഉടമസ്ഥതാ രേഖ സഹിതം | 1. കെട്ടിടത്തിന്റെ പ്ലാൻ, ലൊക്കേഷൻ സ്കെച്ച്, സമീപ വാസികളിൽ നിന്നുള്ള സമ്മത പത്രം എന്നിവ ഹാജ രാക്കണം.<br>2. മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള (ഫ്രയർ, ഫാക്ടറി, ആരോഗ്യം, മലിനീകരണ നിയന്ത്രണ ബോർഡ് മുതലായവ) നിരാക്ഷേപ സർട്ടിഫിക്കറ്റുകൾ) | ചട്ടങ്ങൾ പ്രകാരമുള്ള ഫീസ് | പരമാവധി 60 ദിവസം |
| 24 | കശാപ്പു ശാലകൾക്കും ഇറച്ചിക്കടകൾക്കുമുള്ള ലൈസൻസ് | ഗ്രാമ പഞ്ചായത്ത് | നിർദ്ദിഷ്ട ഫോറങ്ങളിലുള്ള അപേക്ഷ | 1) 1996ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ പ്രകാരവും ബഹു കേരള ഹൈക്കോടതിയുടെ വിധിന്യായത്തിന്റെയും പഞ്ചായത്തിന്റെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കും ലൈസൻസ് നൽകുക | ചട്ടങ്ങൾ പ്രകാരമുള്ള ഫീസ് | ചട്ടങ്ങൾ പ്രകാരമുള്ള തിയ്യതിക്കുള്ളിൽ |

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 25 | പട്ടി, പന്നി എന്നിവയെ വളർത്താനുള്ള ലൈസൻസ് | ഗ്രാമ പഞ്ചായത്ത് | നിർദ്ദിഷ്ട ഫോറങ്ങളിലുള്ള അപേക്ഷ | 1. വളർത്തുന്ന കെട്ടിടം, സ്ഥലം ഇവ കാണിച്ചിരിക്കണം<br>2. കുത്തിവെയ്പ് നടത്തിയതായുള്ള മൃഗ ഡോക്ടറുടെ സർട്ടിഫിക്കറ്റ്<br>3. പന്നികളെ വളർത്തുന്നതിന് സമീപ വാസികളുടെ സമ്മത പത്രവും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റും ലഭിക്കണം | ഓരോ മൃഗത്തിനും 10 രൂപവീതം | 15 പ്രവർത്തി ദിവസ ങ്ങൾക്കു ശേഷം |
| 26 | പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള ലൈസൻസ് | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | നിർദ്ദിഷ്ട ഫോറങ്ങളിലുള്ള അപേക്ഷ | പ്രദർശിപ്പാക്കാനുദ്ദേശിക്കുന്ന പരസ്യത്തിന്റെ വിസ്തീർണ്ണം (സ്ക്വ.മീ) സ്ഥലം ഉടമയുടെ സമ്മത പത്രം. | ബൈലോ പ്രകാരമുള്ള ഫീസ് | 15 പ്രവർത്തി ദിവസങ്ങൾക്കു ശേഷം |
| 27 | സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | നിർദ്ദിഷ്ട ഫോറങ്ങളിലുള്ള അപേക്ഷ | 1. അപേക്ഷയോടൊപ്പം ജോലി ചെയ്യുന്നവരുടെ വിവരങ്ങളും യോഗ്യതയും കാണിച്ചിരിക്കണം.<br>2. പുതിയതായി രജിസ്റ്റർ ചെയ്യുന്നതിന് ആയത് ആരംഭിക്കുന്നതിന് 15 ദിവസം മുമ്പും പുതുക്കുന്നതിന് സാമ്പത്തിക വർഷത്തിന് മുമ്പും ലഭിച്ചിരിക്കണം. | പുതുക്കൽ 50 രൂപ രജിസ്ട്രേഷൻ ഫീ 200 രൂപ | 15 പ്രവർത്തി ദിവസ ങ്ങൾക്കു ശേഷം |
| 28 | ജനകീയാസൂത്രണം വിവിധ ആനുകൂല്യങ്ങൾ | ഗ്രാമ പഞ്ചായത്ത് (നിർവ്വഹണ ഉദ്യോഗസ്ഥരിലൂടെ) | ഓരോ കാലാഘട്ടങ്ങളിലും ഏറ്റെടുക്കുന്ന പദ്ധതികൾ പ്രകാരം നിർദ്ദിഷ്ട ഫോറങ്ങളിലുള്ള അപേക്ഷ. | അർഹതാ മാനദണ്ഡപ്രകാരവും മുൻഗണനാ മാനദണ്ഡപ്രകാരവും ഗ്രാമ സഭ,ഊരുകൂട്ടം ഇവ അംഗീകരിച്ച് നൽകുന്ന മുൻഗണന പ്രകാരവും പദ്ധതി ഫണ്ടിന്റെയും അടിസ്ഥാനത്തിലും മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ | ഫീസില്ല ഗുണഭോക്തൃ വിഹിതം അടക്കേണ്ട പദ്ധതികൾക്ക് നിശ്ചയിച്ചിട്ടുള്ള വിഹിതം അടയ്ക്കണം | ആനുകൂല്യ ങ്ങൾ വിത രണം ചെയ്യുന്ന സമയത്ത് |
| 29 | ഗ്രാമ പഞ്ചായത്ത് രേഖകളുടെയും ജനകീയാസൂത്രണ പദ്ധതി സംബന്ധിച്ച രേഖകളുടെയും പകർപ്പുകൾ | സെക്രട്ടറി / നിർവ്വഹണ ഉദ്യോഗസ്ഥൻ | 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച നിർദ്ദിഷ്ട ഫോറങ്ങളിലുള്ള അപേക്ഷ | കേരള പഞ്ചായത്ത് രാജ് വ്യവസ്ഥകളും ചട്ടങ്ങളും പ്രകാരം രഹസ്യ സ്വഭാവങ്ങളില്ലാത്ത രേഖകളുടെ പകർപ്പുകളേ ലഭിക്കൂ | ചട്ടങ്ങൾ പ്രകാരമുള്ള ഫീസ് | 7 പ്രവർത്തി ദിവസ ങ്ങൾക്കു ശേഷം |
| 30 | പൊതു പരാതികൾ | പ്രസിഡന്റ്/ സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | വിശദ വിവരങ്ങൾ കാണിച്ചുള്ള അപേക്ഷ | അപേക്ഷകന്റെയും എതിർ കക്ഷികളുണ്ടെങ്കിൽ അവരുടെയും പൂർണ്ണ വിവരങ്ങൾ ഉണ്ടായിരിക്കണം | ഫീസില്ല | അടിയന്തിര പരാതികൾക്ക് 7 ദിവസത്തിനുള്ളിലും മറ്റുള്ളവ 15 മുതൽ 30 ദിവസത്തിനുള്ളിലും |



ഊർങ്ങാട്ടിരി പഞ്ചായത്ത്
മുർക്കനാട്
22. തൊയി
ചാലിയാർപുഴ
18. പത്തിപ്പാറ
19. പത്തിപ്പാറ ഈസ്റ്റ്
അരീക്കോട്
കാവനൂർ പഞ്ചായത്ത്
17. തുവ്വക്കാട്
തൃക്കലങ്ങോട് പഞ്ചായത്ത്
പഞ്ചായത്ത് അതിർത്തി
P പഞ്ചായത്ത് ഓഫീസ്
വാർഡ് അതിർത്തി
പ്രധാന റോഡുകൾ
പഞ്ചായത്ത് റോഡുകൾ
ചാലിയാർപുഴ


2. കിഴക്കെ ചാത്തല്ലൂർ
മമ്പാട് പഞ്ചായത്ത്
3. പുള്ളിയിൽപാറ
ഓടായിക്കൽ
4. കൊളപ്പാട്
5. മുണ്ടേങ്ങര
നിലമ്പൂർ
10. എടവണ്ണ വെസ്റ്റ്
6. കുണ്ടുതോട്
9. എടവണ്ണ ഈസ്റ്റ്
7. ചളിപ്പാടം
8. ചെമ്പക്കുത്ത്
വണ്ടൂർ
തിരുവാലി പഞ്ചായത്ത്
14. പാണ്ടിയാട്
വണ്ടൂർ
മഞ്ചേരി
മഞ്ചേരി

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 31 | സ്വഭാവ സർട്ടിഫിക്കറ്റ് / റേഷൻ കാർഡിൽ പേരില്ലെന്ന സർട്ടിഫിക്കറ്റ് /തിരിച്ചറിയൽ സർട്ടിഫിക്കറ്റ് etc. | പ്രസിഡന്റ്/ ഗ്രാമ പഞ്ചായത്ത് | വിശദ വിവരങ്ങൾ കാണിച്ചുള്ള അപേക്ഷ | അപേക്ഷകന്റെ പൂർണ്ണ വിലാസവും വിദ്യാഭ്യാസ സർട്ടിഫിക്കറ്റ് കോപ്പി, തിരിച്ചറിയൽ കാർഡ് ഇവ ഉണ്ടെങ്കിൽ ഹാജരാക്കണം | ഫീസില്ല | പരമാവധി 3 ദിവസം |
| 32 | ദേശീയ വാർദ്ധക്യ കാല പെൻഷൻ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 1) നിർദ്ദിഷ്ട അപേക്ഷ 2 കോപ്പി<br>2) വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്<br>3) റേഷൻ കാർഡ് പകർപ്പ്<br>4) സ്ഥിര താമസം തെളിയിക്കുന്ന രേഖ | 1) പ്രായം 65 വയസ്സിനു മുകളിലായിരിക്കണം.<br>2) അപേക്ഷകന് സ്വന്തമായി വരുമാനം ഇല്ലാത്തതും വരുമാനമുള്ള മക്കളുടെ സംരക്ഷണം ഇല്ലാത്ത ആളുമായിരിക്കണം<br>3) ഗ്രാമസേവകന്റെ അന്വേഷണ റിപ്പോർട്ടിനും പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനത്തിനും ജില്ലാകലക്ടറുടെ ഉത്തരവിനും വിധേയമായിട്ടായിരിക്കും പെൻഷൻ അനുവദിക്കുക. | ഫീസില്ല | 60 ദിവസത്തിനകം തീരുമാനമെടുത്ത് അറിയിക്കും |
| 33 | വിധവാ പെൻഷൻ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 1) നിർദ്ദിഷ്ട അപേക്ഷ 2 കോപ്പി<br>2) റേഷൻ കാർഡ് പകർപ്പ്<br>3) ഭർത്താവ് മരിച്ചതോ ഉപേക്ഷിച്ചതോ, വിവാഹ മോചിതയോ ആണെങ്കിൽ അതു സംബന്ധിച്ച രേഖ. | അപേക്ഷക സ്വന്തമായി വരുമാനമില്ലാത്തതും, 18 വയസ്സിനു മുകളിൽ പ്രായമായ ആൺകുട്ടികൾ സംരക്ഷണയിൽ ഇല്ലാത്തവരുമായിരിക്കണം. ICDS സൂപ്പർവൈസറുടെ അന്വേഷണ റിപ്പോർട്ടിനും, പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിനും, ജില്ലാ കലക്ടറുടെ ഉത്തരവിനും വിധേയമായിട്ടായിരിക്കും പെൻഷൻ അനുവദിക്കുക. | ഫീസില്ല | 60 ദിവസത്തിനകം തീരുമാനമെടുത്ത് അറിയിക്കും |
| 34 | വികലാംഗ/ മന്ദബുദ്ധികൾക്കുള്ള പെൻഷൻ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 1) നിർദ്ദിഷ്ട അപേക്ഷ 2 കോപ്പി<br>2) റേഷൻ കാർഡ് പകർപ്പ് | 1. അപേക്ഷകൻ പ്രായ പൂർത്തിയാകാത്തതോ മന്ദ ബുദ്ധിയോ ആണെങ്കിൽ രക്ഷകർത്താവിന് അപേക്ഷിക്കാവുന്നതാണ്<br>2) ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ടിനും പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനത്തിനും ജില്ലാ കലക്ടറുടെ ഉത്തരവിനും വിധേയമായിട്ടായിരിക്കും പെൻഷൻ അനുവദിക്കുക. | ഫീസില്ല | 60 ദിവസത്തിനകം തീരുമാനമെടുത്ത് അറിയിക്കും |

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 35 | കർഷക തൊഴിലാളി പെൻഷൻ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 1) നിർദ്ദിഷ്ട അപേക്ഷ 2 കോപ്പി<br>2) വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്<br>3) റേഷൻകാർഡ് പകർപ്പ്.<br>4) 10 വർഷത്തിൽ കുറയാതെ കർഷക തൊഴിലാളിയായിരുന്നത് സംബന്ധിച്ച സർട്ടിഫിക്കറ്റ്<br>5) കർഷക തൊഴിലാളി ക്ഷേമ നിധിയിൽ അംഗത്വം തെളിയിക്കുന്ന രേഖ | 1. അപേക്ഷകന് 60 വയസ്സ് പൂർത്തിയായിരിക്കണം<br>2. കേരള കർഷക തൊഴിലാളി ക്ഷേമ നിധി അംഗത്വമുണ്ടായിരിക്കണം<br>3. കർഷക തൊഴിലാളി ക്ഷേമ നിധിയിലെ അംഗത്വ സർട്ടിഫിക്കറ്റ്<br>4. ഏതെങ്കിലും ഭൂവുടമയുടെ കീഴിൽ 10 വർഷത്തിൽ കുറയാതെ കാർഷിക ജോലി ചെയ്തിട്ടുണ്ടാവണം<br>5. കൃഷി അസിസ്റ്റന്റിൽ അന്വേഷണ റിപ്പോർട്ടിനും പഞ്ചായത്ത് തീരുമാനത്തിനും ജില്ലാ ലേബർ ഓഫീസറുടെ ഉത്തരവിനും വിധേയമായ പെൻഷൻ അനുവദിക്കും. | ഫീസില്ല | 60 ദിവസത്തിനകം തീരുമാനമെടുത്ത് അറിയിക്കും |
| 36 | തൊഴിൽ രഹിത വേതനം | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 1) നിർദ്ദിഷ്ട അപേക്ഷകൾ 2 എണ്ണം<br>2) എസ്.എസ്.എൽ.സി. ബുക്ക് കോപ്പി (സാക്ഷ്യപ്പെടുത്തിയത്)<br>3) എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ കാർഡ്<br>4) റേഷൻകാർഡ്<br>5) ടി.സി.<br>6) വരുമാന സർട്ടിഫിക്കറ്റ് | 1. എസ്.എസ്.എൽ.സി. പാസ്സായിരിക്കണം 21 വയസ്സ് പൂർത്തിയായതും എംപ്ലോയ്മെന്റിൽ പേര് രജിസ്റ്റർ ചെയ്ത് 3 വർഷം കഴിഞ്ഞവരുമായിരിക്കും (SSLC തോറ്റ SC/ST വിഭാഗങ്ങൾക്കും അപേക്ഷിക്കാം.<br>2. വിദ്യാർത്ഥിയോ സ്വന്തമായി തൊഴിലോ 100 രൂപയിൽ കൂടുതൽ വരുമാനമോ ഉണ്ടായിരിക്കരുത്.<br>3. കാലാകാലങ്ങളിൽ സർക്കാർ ഉത്തരവിന് വിധേയമായ സേവനം ലഭിക്കു. | ഫീസില്ല | 60 ദിവസത്തിനകം തീരുമാനമെടുത്ത് അറിയിക്കും |
| 37 | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | ഗ്രാമ പഞ്ചായത്ത് | 1) നിർദ്ദിഷ്ട അപേക്ഷ 2 കോപ്പി<br>2) ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ്<br>3) മകളുടെ വിവാഹം നിശ്ചയിച്ചുകൊണ്ടുള്ള ഉടമ്പടി പകർപ്പ്/വാർഡ് മെമ്പറുടെ റിപ്പോർട്ട്/വിവാഹ ക്ഷണക്കത്ത്<br>4. മകളുടെ ജനന സർട്ടിഫിക്കറ്റ് | 1) വിവാഹ തിയ്യതിക്ക് മുമ്പ് അപേക്ഷിക്കണം<br>2. കാലാകാലങ്ങളിലും നിയമങ്ങൾക്കും ജില്ലാ കലക്ടറുടെ ഉത്തരവിനും വിധേയമായിട്ടേ സഹായം ലഭിക്കൂ | ഫീസില്ല | 60 ദിവസത്തിനകം തീരുമാനമെടുത്ത് അറിയിക്കും |

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 38 | 50 വയസ്സ് തികഞ്ഞ അവിവാഹിത പെൻഷൻ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 1) നിർദ്ദിഷ്ട അപേക്ഷകൾ 2<br>2) റേഷൻകാർഡ്<br>3) വിവാഹിതയല്ല എന്ന് തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം<br>4) വയസ്സ് തെളിയിക്കുന്ന രേഖ<br>6) തിരിച്ചറിയൽ കാർഡ് | 1) പ്രായം 50 വയസ്സിനു മുകളിലും മറ്റ് വരുമാന മാർഗ്ഗങ്ങളില്ലാത്ത വരുമായിരിക്കണം<br>2) അവിവാഹിതയായിരിക്കണം | ഫീസില്ല | 60 ദിവസത്തിനകം തീരുമാനമെടുത്ത് അറിയിക്കും |
| 39 | ഗ്രാമസഭ | ഗ്രാമ പഞ്ചായത്ത് | ഓരോ വാർഡിലെയും വോട്ടർ പട്ടികയിൽ പേരുള്ള ആർക്കും പങ്കെടുക്കാം. പദ്ധതി ആസൂത്രണം, നിർവ്വഹണം, ഗുണഭോക്താക്കളെ നിശ്ചയിക്കൽ, വരവ് ചെലവ് വികസന നിർദ്ദേശങ്ങൾ, ആക്ട് 3 എ പ്രകാരമുള്ള വിവിധ അധികാരങ്ങളും ചുമതലകളും നൽകിയിരിക്കുന്നു. | കേരള പഞ്ചായത്ത് ആക്ടിനും സർക്കാർ നിർദ്ദേശത്തിനും വിധേയമായി യോഗം ചേരും. | | ഗ്രാമസഭാ തീരുമാനങ്ങൾ അന്തിമമാണ്. അനർഹരെ ഒഴിവാക്കുന്നതിനുള്ള അധികാരം പഞ്ചായത്തിനുണ്ട് |
| 40 | ഗുണഭോക്തൃ വഴിയുള്ള നിർമ്മാണ പ്രവർത്തി | ഗ്രാമ പഞ്ചായത്ത് അധികാരപ്പെടുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥൻ | ജലസേചനവും കുടിവെള്ള പ്രോജക്ടുകളും മാത്രം | എഞ്ചിനീയറുടെ നിർദ്ദേശത്തിലും സാന്നിദ്ധ്യത്തിലുമേ പണി നടത്താനാവൂ. ഫൈനൽ ബിൽ, എം. ബുക്ക്, കംപ്ലീഷൻ സർട്ടിഫിക്കറ്റ്, മോണിറ്ററിംഗ് റിപ്പോർട്ട്, മിനിട്സ്, വരവ് ചെലവ് കണക്ക് ഇവ ഹാജരാക്കണം. ചെയർമാൻ, കൺവീനർ എന്നിവരുടെ പേരിൽ ജോയന്റ് അക്കൗണ്ട് തുടങ്ങണം. | ഫീസില്ല | 7 മുതൽ 14 ദിവസങ്ങൾക്കുള്ളിൽ |

## വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വി.ഇ.ഒ)

ഗ്രാമ പഞ്ചായത്തിൽ എടവണ്ണ, പെരകമണ്ണ എന്നീ രണ്ട് വില്ലേജ് എക്സ്റ്റൻഷൻ സർക്കിളുകളുണ്ട്. ജനകീയാസൂത്രണ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ. ആണ്. പഞ്ചായത്ത് സമ്പൂർണ്ണ ശുചിത്വ പരിപാടിയുടെ പഞ്ചായത്ത് തല കോ- ഓർഡിനേറ്റർ, പട്ടികജാതി വികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം തുടങ്ങിയ സെക്ടറൽ കമ്മറ്റികളുടെ കൺവീനർ എന്നീ ചുമതലകൾ വി.ഇ.ഒക്കാണ്. ദാരിദ്ര്യ രേഖ സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സർട്ടിഫിക്കറ്റ് നൽകുന്നത് വി.ഇ.ഒ.യുടെ ശുപാർശ പ്രകാരമാണ്. ആശ്രയ പദ്ധതി, ഭവന നിർമ്മാണം, വീട് റിപ്പയർ, കുടിവെള്ളക്കിണർ മുതലായ വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത് വി.ഇ.ഒ. മുഖേനയാണ്.

## മൃഗാശുപത്രിയിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ (ആശുപത്രി കോമ്പൗണ്ടിൽ)

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം | സേവനം ലഭിക്കുന്ന ഓഫീസ്/ ഉദ്യോഗസ്ഥൻ | അപേക്ഷിക്കുന്ന വിധം | മറ്റ് നിബന്ധനകൾ | അടയ്ക്കേണ്ട ഫീസ് | ലഭ്യമാകുന്ന ദിവസം |
|---|---|---|---|---|---|---|
| 1 | കൃത്രിമ ബീജ സങ്കലനം | വെറ്ററിനറി സർജൻ | അപേക്ഷ വേണ്ട | ഇല്ല | സൗജന്യം | എല്ലാ ദിവസവും |
| 2 | പ്രതിരോധ കുത്തിവെയ്പ് | വെറ്ററിനറി സർജൻ | അപേക്ഷ വേണ്ട | ഇല്ല | ഗവൺമെന്റ് ഉത്തരവ് അനുസരിച്ച് | പ്രോഗ്രാമുകൾ അനുസരിച്ചും വാക്സിൻ ലഭ്യതയനുസരിച്ചും |
| 3 | ചികിത്സ പെറ്റ് അനിമൽ | വെറ്ററിനറി സർജൻ | അപേക്ഷ വേണ്ട | ഇല്ല | 5 രൂപ | എല്ലാ ദിവസവും |
| 4 | കന്നുകാലികൾക്കുള്ള ചികിത്സ | വെറ്ററിനറി സർജൻ | അപേക്ഷ വേണ്ട | ഇല്ല | ഗവൺമെന്റ് ഉത്തരവ് അനുസരിച്ച് | എല്ലാ ദിവസവും |

| ഐ.സി.ഡി.എസ്. മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ | |
|---|---|
| 1. | **അംഗൻവാടി പോഷകാഹാരം**<br>**ഗുണഭോക്താക്കൾ**<br>1. 6 മാസത്തിനും 6 വയസ്സിനും ഇടക്ക് പ്രായമുള്ള കുട്ടികൾ.<br>2. ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ.<br>3. കൗമാര പ്രായക്കാരായ പെൺകുട്ടികൾ - കൗമാര പ്രായക്കാരായ പെൺകുട്ടികൾ ക്ലബ്ബ് രൂപീകരണം (11-19 വയസ്സ്), ഒത്തുചേരൽ, വിവിധ ബോധവൽക്കരണ ക്ലാസുകൾ, തൊഴിൽ പരിശീലനം, തൂക്കക്കുറവുള്ള കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് കേന്ദ്ര സഹായത്തോടെയുള്ള അരി വിതരണം **(NPAG),** വൃദ്ധ സദനം, അനാഥ മന്ദിരം, ആശാഭവൻ, മഹിളാ മന്ദിരം, ജുവൈനൽ ഹോം, അഫ്റ്റർ കെയർ ഹോം എന്നീ സ്ഥാപനങ്ങളിലേക്ക് അന്തേവാസികളെ പ്രവേശിപ്പിക്കൽ |
| 2. | അനൗപചാരിക വിദ്യാഭ്യാസം<br>(3 വയസ്സിനും 6 വയസ്സിനും ഇടക്ക് പ്രായമുള്ള കുട്ടികൾ) |
| 3 | ആരോഗ്യ പരിശോധന - മരുന്ന് വിതരണം |
| 4. | രോഗ പ്രതിരോധ കുത്തിവെപ്പുകൾ |
| 5 | ആരോഗ്യ പോഷണ വിദ്യാഭ്യാസം - 19നും 45നും ഇടക്ക് പ്രായമുള്ളവർ |
| 6 | പ്രാഥമികാരോഗ്യ രക്ഷ/റഫറൻസ് സർവ്വീസ് |
| 7 | വികലാംഗർക്ക് തിരിച്ചറിയൽ കാർഡ് - വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സക്കുള്ള ധനസഹായം |
| 8 | ബാലികാ സമൃദ്ധിയോജന അപേക്ഷ പാസ്സാക്കുന്നു. തുക സ്ഥിര നിക്ഷേപം നടത്തുന്നു. |
| | **ഐ.സി.ഡി.എസ്. സൂപ്പർവൈസർ നേരിട്ടു നടത്തുന്നത്**<br>വിധവ/അഗതി അപേക്ഷകൾ പാസ്സാക്കി നൽകുന്നു. (ബന്ധപ്പെട്ട പഞ്ചായത്ത് തുക നൽകുന്നു) |

# കൃഷിഭവൻ മുഖേന ലഭ്യമാവുന്ന സേവനങ്ങൾ

| ക്രമ നമ്പർ | ലഭ്യമാകുന്ന സേവനം സംബന്ധിച്ച വിവരങ്ങൾ | അപേക്ഷിക്കുന്ന രീതി ആവശ്യമായ രേഖകൾ | നിബന്ധനകളും മാനദണ്ഡങ്ങളും | അടക്കേണ്ട ഫീസ് | ലഭ്യമാകുന്ന ദിവസം |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | നെൽ കൃഷി വികസന പദ്ധതികൾ ഉത്പാദന ബോണസ് | നിർദ്ദിഷ്ട അപേക്ഷ 2 കോപ്പി സ്ഥലത്തിന്റെ ഉടമസ്ഥ രേഖ | 1) വിളയിറക്കി 45 ദിവസത്തിനകം അപേക്ഷിക്കണം<br>2) പാടശേഖര സമിതിയിൽ അംഗങ്ങളായ കർഷകർക്ക് | ഇല്ല | ഫണ്ട് ലഭിക്കുന്ന മുറക്ക് |
| 2 | കൃഷി ആവശ്യത്തിന് പമ്പ് സെറ്റ് സ്ഥാപിച്ച് വൈദ്യുതി കണക്ഷന് മുൻഗണന ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് | 1. നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ<br>2 പമ്പ്സെറ്റ് സ്ഥാപിച്ച സ്ഥലത്തിന്റെ കൈവശ രേഖ | ഇല്ല | ഇല്ല | 5 ദിവസം |
| 3 | ശാസ്ത്രീയ ജൈവ കൃഷി വിജ്ഞാനം/പരിശീലനം | അപേക്ഷ വേണ്ട | നേരിട്ട് ഹാജരാകണം | ഇല്ല | അതേ ദിവസം |
| 4 | കീട - രോഗ ബാധ പരിശോധന | അപേക്ഷ വേണ്ട | നേരിട്ട് ഹാജരാകണം | ഇല്ല | വിള പരിശോധിച്ച ഉടൻ |
| 5 | സഞ്ചരിക്കുന്ന മണ്ണ് പരിശോധന യൂണിറ്റിന്റെ സേവനം | അപേക്ഷ വേണ്ട | ഇല്ല | ഇല്ല | വാഹനം ലഭ്യമാകുന്ന മുറക്ക് |
| 6 | രാസവളം കീടനാശിനി | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ | ഇല്ല | ഇല്ല | ലഭ്യമാകുന്ന മുറക്ക് |
| 7 | രാസവളം കീടനാശിനി സ്റ്റോക്ക് ചെയ്യുന്നതിനും വിൽപന നടത്തുന്നതിനുമുള്ള ലൈസൻസ് | അപേക്ഷ നിർദ്ദിഷ്ട ഫോറത്തിൽ നൽകണം | ഇല്ല | ഇല്ല | 3 മാസം |
| 8 | കൃഷിക്കാരനാണെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് | കൃഷി സ്ഥലം കാണിച്ച് കൈവശ രേഖ സമർപ്പിക്കണം. സ്ഥിരമായി മറ്റു തൊഴിലുകളിലൊന്നും ഏർപ്പെടുന്നില്ല എന്ന് ബോധ്യപ്പെടുത്തണം | ഇല്ല | ഇല്ല | 7 ദിവസം |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 9 | ജനകീയാസൂത്രണം പദ്ധതി | ഗ്രാമസഭ വഴി വരുന്ന അംഗീകരിക്കപ്പെട്ട അപേക്ഷകൾ | | | ആനുകൂല്യങ്ങൾക്കുള്ള ഫണ്ട് ലഭിക്കുന്ന മുറക്ക് |
| 10 | കൊപ്ര സംഭരണ സർട്ടിഫിക്കറ്റ് | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ | തെങ്ങുകൃഷി വിസ്തീർണ്ണം കണക്കാക്കുന്നതിന് ആവശ്യമായ രേഖ | ഇല്ല | 7 ദിവസം |
| 11 | മണ്ണ് പരിശോധന | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ | 500ഗ്രാം ശാസ്ത്രീയമായി ശേഖരിച്ച മണ്ണ് | ഇല്ല | പരിശോധന സ്ഥലം ലഭ്യമാകുന്ന മുറക്ക് |
| 12 | പ്രകൃതി ക്ഷോഭ ദുരിതാശ്വാസ ധന സഹായം | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ 2 കോപ്പി | റേഷൻകാർഡ്, നികുതി രശീതി, നഷ്ടം സംഭവിച്ച് 10 ദിവസത്തിനകം അപേക്ഷിക്കണം. 10ലധികം കൃഷി നാശം സംഭവിച്ചിരിക്കണം, 25000 രൂപയിലധികം വരുമാനം പാടില്ല | ഇല്ല | ഫണ്ട് ലഭിക്കുന്ന മുറക്ക് |
| 14 | കാർഷിക വിള ഇൻഷുറൻസ് | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ | വിള പൂർണ്ണമായും ഇൻഷ്വർ ചെയ്യണം | ചട്ടപ്രകാരം | പണം അടച്ച തിയ്യതി മുതൽ |

## പൊതു നിബന്ധനകൾ

- ഗ്രാമ പഞ്ചായത്തിന് നൽകേണ്ടതായ ഏതെങ്കിലും ഫീസോ, നികുതിയോ മറ്റു കടങ്ങളോ നൽകാനുള്ളവർക്ക് പഞ്ചായത്തിൽ നിന്നും ഏതൊരു ലൈസൻസോ അനുവാദമോ നൽകുന്നതല്ല.
- സേവനം ലഭ്യമാക്കുന്നതിനുള്ള പരമാവധി സമയപരിധിയാണ് രേഖയിൽ കാണിച്ചിട്ടുള്ളത്.
- ഈ രേഖയിൽ ഓരോന്നിനും നിശ്ചയിച്ച ഫീസ് നിരക്കുകൾ കാലാകാലങ്ങളിലുള്ള ഉത്തരവ് പ്രകാരം മാറ്റത്തിന് വിധേയമാണ്.

## മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്യുന്ന കുടുംബങ്ങൾക്ക് പരമാവധി 100 ദിവസം (ഒരു ദിവസം കൂലി 150 രൂപ)തൊഴിൽ നൽകുന്നു. രജിസ്റ്റർ ചെയ്ത കുടുംബങ്ങൾക്ക് ഫോട്ടോ പതിച്ച തൊഴിൽ കാർഡ് നൽകുന്നു. തൊഴിൽ കാർഡ് ലഭിച്ചിട്ടുള്ളവർ നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ സമർപ്പിച്ചാൽ 14 ദിവസത്തിനകം 5 കി.മീ പരിധിക്കുള്ളിൽ തൊഴിൽ ലഭ്യമാക്കുന്നു. കൂലി ബാങ്ക് എക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. രജിസ്ട്രേഷൻ തൊഴിൽ കാർഡ് വിതരണം, ജോലി ലഭ്യമാക്കൽ എന്നീ കാര്യങ്ങൾ കുടുംബശ്രീ എ.ഡി.എസ്. മുഖാന്തിരമാണ് നടത്തുന്നത്.

### തൊഴിൽ കാർഡ് ലഭിക്കാൻ

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിരതാമസമായിരിക്കണം
പതിനെട്ട് വയസ്സ് പൂർത്തിയായിരിക്കണം

### നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയോടൊപ്പം

റേഷൻ കാർഡിന്റെ ശരി പകർപ്പ്
ഇലക്ഷൻ കമ്മീഷൻ തിരിച്ചറിയൽ കാർഡിന്റെ ശരിപകർപ്പ്
കാർഡിൽ ഉൾപ്പെടുത്തേണ്ടവരുടെ പാസ്സ്പോർട്ട് സൈസിലുള്ള ഫോട്ടോ (4 കോപ്പി) എന്നിവ ഹാജരാക്കണം.
ശാരീരികാദ്ധ്വാനത്തിനു തയ്യാറുള്ളവരാകണം.

### തൊഴിൽ പൂർത്തിയാക്കി വേതനം നൽകുന്നതിന് മേറ്റ് ശേഖരിച്ച് നൽകേണ്ടത്

1. മസ്റ്റർ റോൾ
   (ബി.പി.ഒയിൽനിന്നും വാങ്ങി സെക്രട്ടറി ഒപ്പിട്ട് എ.ഡി.എസ് വളണ്ടിയർക്ക് നൽകിയത്)
   (തൊഴിലാളികളുടെ പേരും ഒപ്പും ബാങ്ക് അക്കൗണ്ട് നമ്പറും കാർഡ് നമ്പറും ഉള്ളത്)
   (തിരുത്തലുകൾ ഇല്ലാത്തത്)
   (വളണ്ടിയർ, ഓവർസിയർ, വാർഡ് മെമ്പർ, മോണിറ്ററിംഗ് സമിതിയംഗങ്ങൾ ഒപ്പിട്ടത്)
2. സാധന സാമഗ്രികളുപയോഗിച്ചിട്ടില്ലെങ്കിൽ നിയമാനുസൃത ബില്ലുകളും രേഖകളും
3. ഫസ്റ്റ് എയ്ഡ്/കുടിവെള്ളം മുതലായവ നൽകിയതിന്റെ രേഖകൾ
4. ട്രാക്ടർ/വാഹനങ്ങൾ മുതലായവ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ വൗച്ചറുകളും രേഖകളും
5. സൈറ്റ് ഡയറി (വിജിലൻസ് ആന്റ് മോണിട്ടറിംഗ് കമ്മറ്റി റിപ്പോർട്ട് ഉൾപ്പെടെ)
6. തൊഴിലാളികളുടെ പേര്, നമ്പർ, ബാങ്ക് അക്കൗണ്ട് തുടങ്ങിയവ രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റ്
7. തൊഴിലുപകരണങ്ങളുടെ വാടക സ്റ്റേറ്റ്മെന്റ്
8. പ്രവൃത്തിയുടെ ഫോട്ടോ
9. പ്രവൃത്തിയുടെ വാല്വേഷൻ ബന്ധപ്പെട്ട എഞ്ചിനീയർ തയ്യാറാക്കി സമർപ്പിക്കണം.

---

*അന്യന്റെ ആവശ്യങ്ങൾക്ക് സ്വന്തം ആവശ്യങ്ങളെക്കാൾ പരിഗണന നൽകുമ്പോഴാണ് സാമൂഹികമായ ഐശ്വര്യവും രാഷ്ട്രത്തിന്റെ ക്ഷേമവും സാധ്യമാകുന്നത്. നാം മറ്റുള്ളവർക്കു വേണ്ടി ജീവിക്കുമ്പോഴാണ് നമ്മുടെ ജീവിതം സാർത്ഥമാകുന്നത്.*

*ഗാന്ധിജി.*

## വിവരാവകാശ നിയമം

1. പൊതു അധികാര സ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങൾ എല്ലാ പൗരൻമാർക്കും ലഭ്യമാക്കുന്നതിനും പൊതു അധികാര കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും വിശ്വാസ്യതയും വർദ്ധിപ്പിക്കുന്നതിനും ജനങ്ങളോടുള്ള ഉത്തരവാദിത്വം നിലനിർത്തുന്നതിനും അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിനുമാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്.
2. സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ സഹായം നൽകുന്ന സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള ഒരു ജോലിയോ രേഖയോ പ്രമാണമോ പരിശോധിക്കുന്നതിനും രേഖയുടെയോ പ്രമാണത്തിന്റെയോ പകർപ്പുകളോ കുറിപ്പുകളോ സംക്ഷിപ്തമോ ഏതെങ്കിലും പദാർത്ഥത്തിന്റെ സാക്ഷ്യപ്പെടുത്തിയ സാമ്പിളുകളോ കമ്പ്യൂട്ടറിലോ മറ്റു ഇലക്ട്രോണിക് സംവിധാനങ്ങളിലോ ശേഖരിച്ചു വെച്ചിട്ടുള്ള വിവരങ്ങൾ പ്രിന്റൗട്ടുകൾ , ഫ്ളോപ്പികൾ, ഡിസ്കുകൾ, ടേപ്പുകൾ, വീഡിയോ കാസറ്റുകൾ എന്നിവയുടെ പകർപ്പുകളോ ലഭിക്കുന്നതിന് ഏതൊരു പൗരനും അവകാശമുണ്ടെന്ന് നിയമം വ്യവസ്ഥ ചെയ്യുന്നു.
3. എല്ലാ സർക്കാർ ഓഫീസിലും പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും ഉണ്ടായിരിക്കും. (ഗ്രാമ പഞ്ചായത്തിലെ ഇൻഫർമേഷൻ ഓഫീസർ സെക്രട്ടറിയും അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ ജൂനിയർ സൂപ്രണ്ടുമാണ്)
4. ഏതെങ്കിലും ഒരു കാര്യത്തെകുറിച്ച് വിവരം ലഭിക്കേണ്ടവർ 10/- രൂപ ഫീസ് സഹിതം പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അപേക്ഷ നൽകണം.
5. അപേക്ഷകൻ വിവരം ആവശ്യപ്പെടുന്നത് എന്തിനാണെന്ന് വ്യക്തമാക്കേണ്ടതില്ല.
6. അപേക്ഷകൾ രേഖാമൂലമോ ഇലക്ട്രോണിക് മാധ്യമം വഴിയോ നൽകാം.
7. ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർ ആയത് തെളിയിക്കുന്നതിനുള്ള രേഖ ഹാജരാക്കുന്ന പക്ഷം നിർദ്ദിഷ്ട ഫീസ് ഒഴിവാക്കുന്നതാണ്.
8. പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് ലഭിക്കുന്ന അപേക്ഷകളിൽ 30 ദിവസത്തിനുള്ളിലും അസി. പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുഖേന ലഭിച്ച അപേക്ഷകളിൽ 35 ദിവസത്തിനുള്ളിലും അപേക്ഷകന് വിവരം നൽകണം.
9. വ്യക്തിയുടെ ജീവനെയോ സ്വാതന്ത്ര്യത്തെയോ ബാധിക്കുന്ന വിവരമാണ് ആവശ്യപ്പെടുന്നതെങ്കിൽ അത് 48 മണിക്കൂറിനുള്ളിൽ നൽകേണ്ടതാണ്.
10. ആവശ്യപ്പെടുന്ന വിവരം ലഭിക്കുന്നില്ലെങ്കിലോ അപൂർണ്ണവുംഅവാസ്തവവുമായ വിവരമാണ് ലഭിച്ചതെങ്കിലോ പരാതിയുള്ള വ്യക്തിക്ക് അപ്പീൽ നൽകാവുന്നതാണ്.
11. പഞ്ചായത്ത് ഡപ്യൂട്ടി ഡയരക്ടറാണ് ഗ്രാമ പഞ്ചായത്തുമായി ബന്ധപ്പെട്ട അപ്ലേറ്റ് അതോറിറ്റി.

## പഞ്ചായത്തിനു കീഴിലുള്ള ആരോഗ്യ സ്ഥാപനങ്ങൾ

പി.എച്ച്.സി. ചാത്തല്ലൂർ 04832216655

ആയുർവ്വേദ ഡിസ്പെൻസറി ഒതായി

ഹോമിയോ ഡിസ്പെൻസറി എടവണ്ണ

**സബ്സെന്ററുകൾ**

1. സബ്സെന്റർ പത്തപ്പിരിയം
2. സബ്സെന്റർ ഒതായി
3. സബ്സെന്റർ കുണ്ടുതോട്
4. സബ്സെന്റർ പെരകമണ്ണ
5. സബ്സെന്റർ തൃക്കാട്

## പഞ്ചായത്തിലെ സ്കൂളുകൾ

| | | |
|---|---|---|
| 1. ജി.യു.പി.എസ്. പത്തപ്പിരിയം | 2704604 | 11. GLPS പാലപ്പെറ്റ |
| 2. ജി.എം.യു.പി.എസ്. തുവ്വക്കാട് | 2702541 | 12. ജി.എൽ.പി.എസ്. ചളിപ്പാടം |
| 3. ജി.എം.യു.പി.എസ്. പെരകമണ്ണ | 2703919 | 13. ഐ.ഒ.എൽ.പി.എസ്. എടവണ്ണ |
| 4. എ.എം.യു.പി.എസ്. കുണ്ടുതോട് | 2700810 | 14. ഇ.ഒ.എൽ.പി.എസ്. എടവണ്ണ |
| 5. **JMUPS** കിഴക്കെ ചാത്തല്ലൂർ | | 15. **MJMALPS** പള്ളിമുക്ക് |
| 6. ജി.എം.എൽ.പി.എസ്. എടവണ്ണ | | 16. **JMLPS** കിഴക്കെ ചാത്തല്ലൂർ |
| 7. **GMLPS** പത്തപ്പിരിയം | | 17. **CVNMAMLPS** വെസ്റ്റ് ചാത്തല്ലൂർ |
| 8. **GMLPS** എരഞ്ഞിക്കോട് | | 18. **MGLC** അരിമംഗലം |
| 9. **GMLPS** മുണ്ടേങ്ങര | | 19. **MGLC** ചോലാറ |
| 10. **GLPS** ചെമ്പക്കുത്ത് | | 20. **MGLC** കൊളപ്പാട് |

## പഞ്ചായത്തിലെ മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| | | |
|---|---|---|
| 1. **SHMGVHS** എടവണ്ണ | 2700620 | 2. ജാമിഅ: നദ്‌വിയ്യ റസിഡൻഷ്യൽ സ്കൂൾ |
| 2. **IOHSS** എടവണ്ണ | 2701005 | 3. ജാമിഅ: നദ്‌വിയ്യ ബി.എഡ് സെന്റർ |
| 3. **SHMGVHSS** എടവണ്ണ | | 4. ജാമിഅ: നദ്‌വിയ്യ ടീച്ചേഴ്സ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് |
| 4. ജാമിഅ: നദ്‌വിയ്യ എടവണ്ണ | 2700671 | 5. ജാമിഅ: നദ്‌വിയ്യ അറബിക് കോളേജ് |
| കീഴിലുള്ള സ്ഥാപനങ്ങൾ | | 5. ലൗഷോർ സ്പെഷ്യൽ സ്കൂൾ |
| 1. ജാമിഅ: നദ്‌വിയ്യ ഹയർസെക്കന്ററി സ്കൂൾ | | |

## പഞ്ചായത്തിലെ അംഗൻവാടി സെന്ററുകൾ

| | | | | | |
|---|---|---|---|---|---|
| 1. | 97 | കുണ്ടുതോട് | 22. | 118 | പെരുവിൽകുണ്ട് |
| 2. | 98 | ചളിപ്പാടം | 23. | 119 | ഏഴുകളരി |
| 3. | 99 | കൊളപ്പാട് | 24. | 120 | പാണ്ടിയാട് |
| 4. | 100 | ചെമ്പക്കുത്ത് | 25. | 121 | നല്ലാണി |
| 5. | 101 | അയിത്തൂർ | 26. | 122 | ശാന്തിനഗർ |
| 6. | 102 | കുന്നുമ്മൽ | 27. | 123 | കലത്തിയിൽ |
| 7. | 103 | മുണ്ടേങ്ങര (മാലങ്ങാട്) | 28. | 124 | കാരേപറമ്പ് |
| 8. | 104 | മുണ്ടേങ്ങര | 29. | 125 | കാവിലട്ടി |
| 9. | 105 | ഒതായി ഹരിജൻ കോളനി | 30. | 126 | ചെവിടിക്കുഴി |
| 10. | 106 | ചുണ്ടേപറമ്പ് | 31. | 127 | ചെരുമണ്ണ് |
| 11. | 107 | വെസ്റ്റ് ചാത്തല്ലൂർ | 32. | 128 | വെള്ളച്ചാൽ |
| 12. | 108 | കിഴക്കെ ചാത്തല്ലൂർ | 33. | 129 | കൽപ്പാലം |
| 13. | 109 | കല്ലിടുമ്പ് | 34. | 130 | പണിക്കർ പള്ളിയാളി |
| 14. | 110 | ആര്യന്തൊടിക | 35. | 131 | കുറിയമണ്ണ് |
| 15. | 111 | പാലപ്പെറ്റ | 36. | 132 | പൊന്നാംകുന്ന് |
| 16. | 112 | പന്നിപ്പാറ | 37. | 133 | നിലിയംപാടം |
| 17. | 113 | പള്ളിമുക്ക് | 38. | 134 | എടവണ്ണ ടൗൺ |
| 18 | 114 | വടശ്ശേരി | 39. | 135 | ഒറ്റപ്പോക്ക് |
| 19. | 115 | തുവ്വക്കാട് | 40. | 136 | കുണ്ടുതോട് പുതുവായിൽ |
| 20. | 116 | അരിമംഗലം | 41. | 137 | ബോക്കലക്കണ്ടി |
| 21. | 117 | മണ്ണുംകാട്കുന്ന് | 42. | 138 | മേലേചളിപ്പാടം |
| | | | 43. | 139 | ആനക്കല്ല് |

## എടവണ്ണയിലെ ആശുപത്രികൾ

| | |
|---|---|
| കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | 2701026 |
| രാജഗിരി ഹോസ്പിറ്റൽ | 2704228 |
| നായനാർ മെമ്മോറിയൽ ഹോസ്പിറ്റൽ | 2701477 |
| ദയാ ഹോസ്പിറ്റൽ പത്തപ്പിരിയം | 2700258, 270266 |

## എടവണ്ണയിലെ ഡോക്ടർമാർ

| | |
|---|---|
| ഡോ. സി.പി. ഉമ്മർകോയ | 2700314, 9446831006 |
| ഡോ. എൻ. അബ്ബാസ് | 2702612, 947430483 |
| ഡോ. സി.പി. കുഞ്ഞിൻ | 2700205 |
| ഡോ. എ. അഷ്റഫ് | 2700431 |
| ഡോ. VPM അഷ്റഫ് പത്തപ്പിരിയം | 2700258, 9387237926 |

## എടവണ്ണയിലെ ബാങ്കുൾ

| | |
|---|---|
| കനറാ ബാങ്ക് | 2700386 |
| ഫെഡറൽ ബാങ്ക് | 2700253 |
| സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് | 2700464 |
| എടവണ്ണ സർവ്വീസ് സഹകരണ ബാങ്ക് | 2700261 |
| പത്തപ്പിരിയം ബ്രാഞ്ച് | 2701361 |
| നിലമ്പൂർ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ബ്രാഞ്ച് | 2700743 |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | 2703335 |

## എടവണ്ണയിലെ പ്രധാന ഫോൺ നമ്പറുകൾ

| | |
|---|---|
| എടവണ്ണ ഗ്രാമ പഞ്ചായത്ത് ഓഫീസ് | 2700243 |
| എടവണ്ണ വില്ലേജ് ഓഫീസ് | 2702404 |
| പെരകമണ്ണ വില്ലേജ് ഓഫീസ് | 2216060 |
| എടവണ്ണ പോലീസ് സ്റ്റേഷൻ | 2700268 |
| കെ.എസ്.ഇ.ബി. എടവണ്ണ | 2702500 |
| മൃഗാശുപത്രി എടവണ്ണ | 2700292 |
| എടവണ്ണ ടെലഫോൺ എക്സ്ചേഞ്ച് | 2700200 |
| പോസ്റ്റ് ഓഫീസ് എടവണ്ണ | 2700220 |
| എടവണ്ണ റസ്റ്റ് ഹൗസ് | 2700836 |

## ജില്ലാ മേഖലാ ഓഫീസുകൾ

| | | | |
|---|---|---|---|
| ജില്ലാ കലക്ടർ | 2734355 | പഞ്ചായത്ത് ഡെപ്യൂട്ടി ഡയരക്ടർ | 2734838 |
| ജില്ലാ പോലീസ് സൂപ്രണ്ട് | 2734384 | ജില്ലാ ഇൻഫർമേഷൻ ഓഫീസ് | 2734387 |
| ജില്ലാ പഞ്ചായത്ത് ഓഫീസ് | 2734907 | ഡെപ്യൂട്ടി ഡയരക്ടർ വിദ്യാഭ്യാസം, മലപ്പുറം | 2734888 |
| ജില്ലാ ലേബർ ഓഫീസ് | 2734814 | ജില്ലാ മെഡിക്കൽ ഓഫീസർ, മഞ്ചേരി | 2766857 |
| താലൂക്ക് സപ്ലൈ ഓഫീസ്, മഞ്ചേരി | 2766230 | പബ്ലിക് സർവ്വീസ് കമ്മീഷൻ | 2734308 |
| വിൽപന നികുതി ഓഫീസ്, മഞ്ചേരി | 2766486 | ആർ.ടി.ഒ മലപ്പുറം | 421200 |
| ആദായ നികുതി ഓഫീസ്, മലപ്പുറം | 424650 | ഏറനാട് താലൂക്ക് ഓഫീസ് മഞ്ചേരി | 2766121 |
| ജില്ലാ വ്യവസായ കേന്ദ്രം | 2734895 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് അരീക്കോട് | 2850047 |
| ജില്ലാ എംപ്ലോയ്മെന്റ് ഓഫീസ് മലപ്പുറം | 2734904 | കുടുംബശ്രീ ജില്ലാ മിഷൻ | 2733470 |
| ജില്ലാ പ്ലാനിംഗ് ഓഫീസ് | 2734832 | | |

## അരീക്കോട് ബ്ലോക്കിലെ പഞ്ചായത്തുകൾ

| | | | |
|---|---|---|---|
| എടവണ്ണ | 2700243 | ചീക്കോട് | 2725235 |
| ഊർങ്ങാട്ടിരി | 2850249 | കീഴുപറമ്പ് | 2858296 |
| കാവനൂർ | 2862531 | പുൽപറ്റ | 2820117 |
| അരീക്കോട് | 2850221 | കുഴിമണ്ണ | 2756187 |



എടവണ്ണ ഗ്രാമ പഞ്ചായത്ത് **പൗരാവകാശ രേഖ**



Edavanna Grama Panchayath

CITIZEN CHAPTER 2011-12

Printed at Techno World (Kudumbasree), Edavanna.